"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവീസ്- കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീ.ദിനേശൻ.പി.വി യ്ക്ക് അനുവദിച്ച പലിശരഹിത വായ്പ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.447/2025/LBR തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം.1271/2016/തൊഴിൽ, തീയതി 18.10.2016.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 24.10.2017-ലെ ബി5/16948/2016/ഡി.ഐ.എം.എസ്.നമ്പർ നടപടിക്രമം.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 19.05.2022-ലെ ബി5/16948/2016/ഡി.ഐ.എം.എസ്.നമ്പർ നടപടിക്രമം.

4. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 01/01/2023, 24/01/2023, 01/10/2024 തിയതികളിലെ ബി5-303/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീ.ദിനേശൻ.പി.വി യ്ക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്കായി 2,00,000/- രൂപ പലിശരഹിത ചികിത്സാ വായ്പയായി അനുവദിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ.ദിനേശൻ.പി.വി സമർപ്പിച്ച മെഡിക്കൽ ബില്ലുകളിൽ അനുവദനീയമെന്ന് കണ്ടെത്തിയ 2,912/- രൂപ രൂപ പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് പ്രസ്തുത പലിശരഹിത ചികിത്സാ വായ്പ തീർപ്പാക്കി പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സർക്കാർ തലത്തിലാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പരാമർശം (2) ലെ നടപടിക്രമം പരാമർശം (3) പ്രകാരം റദ്ദ് ചെയ്യുകയും സർക്കാർ തലത്തിൽ പ്രസ്തുത പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ പരാമർശം(4) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ്

മെഡിക്കൽ സർവീസ് വകുപ്പിൽ കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് അസിസ്റ്റന്റായ ശ്രീ.ദിനേശൻ.പി.വി യുടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്കായി പരാമർശം(1) പ്രകാരം അനുവദിച്ച **2,00,000/-** രൂപയുടെ പലിശരഹിത വായ്പയിൽ അനുവദനീയ തുകയായി കണ്ടെത്തിയ **2,912/-** രൂപ കിഴിച്ച് വായ്പയിൽ ബാക്കിയുള്ള **1,97,088/-** രൂപയും **(200000-2912) (1,96,903+185),** ബാക്കി തുക തിരികെ അടവാക്കുന്നതിൽ കാലതാമസം വരുത്തിയ കാലയളവിൽ **12%** പലിശയായ **16,830/-** രൂപയും തിരികെ ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.ദിനേശൻ.പി.വി-യുടെ ചികിത്സയ്ക്കായി ചെലവായ തുകയിൽ അനുവദനീയ തുകയായി കണ്ടെത്തിയ **2,912/-** രൂപ പരാമർശം **(1)** പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം (രേഖകൾ സഹിതം).
ശ്രീ.ദിനേശൻ.പി.വി, നഴ്സിംഗ് അസിസ്റ്റന്റ്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് **(24/02/2025** ലെ **Loans-L3/518/2016-FIN (297778)**പ്രകാരം.)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 01-04-2025 16:52:43
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്